## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3780  23.08.2017 ൽ മറുപടിയ്ക്ക്**

## സോളാർ വാട്ടർ ഹീറ്ററുകൾ വ്യാപകമാക്കാൻ നടപടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>'' പി.ജെ.ജോസഫ്<br>'' മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് അനെർട്ട് മുഖേന സബ്സിഡിയോടുകൂടി സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകുന്ന പദ്ധതി ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് അനെർട്ട് മുഖേന 2011-12 വർഷം മുതൽ 2016-17 വർഷം വരെ തുടർച്ചയായി സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടായിരുന്നു. അനെർട്ടിൽ രജിസ്റ്റർ ചെയ്ത് നിലവിലെ മാനദണ്ഡപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥാപിക്കുന്ന സോളാർ വാട്ടർ ഹീറ്ററുകൾക്കാണ് സബ്സിഡി അനുവദിച്ചിരുന്നത്. ഒരു ചതു. മീറ്റർ വിസ്തൃതിയുള്ള സോളാർ കളക്ടറിന് 2000/- രൂപ എന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. സബ്സിഡി ആനുകൂല്യം നൽകാതെ തന്നെ ആവശ്യമുള്ള വ്യക്തികളും സ്ഥാപനങ്ങളും സോളാർ വാട്ടർഹീറ്ററുകൾ വ്യാപകമായി സ്ഥാപിച്ചു തുടങ്ങിയ ശേഷം 2017-18 മുതൽ സോളാർ വാട്ടർ ഹീറ്ററുകളുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്ന പദ്ധതി അവസാനിപ്പിച്ചു.<br>എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സോളാർ വാട്ടർഹീറ്ററിന്റെ അടിസ്ഥാന വിലയുടെ 15% എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും സബ്സിഡി യായി ആവശ്യാനുസരണം അനുവദിക്കാൻ |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണവകുപ്പിന്റെ 02.06.2017 – ലെ DA 1/244/2017-തസ്വഭവ നമ്പർ സർക്കുലർ മുഖേന മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിൽ വന്നതെന്നാണ് എന്നറിയിക്കുമോ; ഇത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സോളാർ വാട്ടർ ഹീറ്ററുകൾക്ക് 2011-12 വർഷം മുതലാണ് തുടർച്ചയായി സംസ്ഥാന സർക്കാർ സബ്സിഡി നൽകാൻ തുടങ്ങിയത്. കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ചാനൽ പാർട്ട്ണർമാർ വഴി സ്ഥാപിച്ചു നൽകുന്ന സോളാർ വാട്ടർ ഹീറ്ററുകൾക്കായിരുന്നു സബ്സിഡി നൽകിയിരുന്നത്. ഈ പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞതിനെ തുടർന്ന് സോളാർ വാട്ടർ ഹീറ്ററിന്റെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാകകയുണ്ടായി. പ്രസരണ വൈദ്യുതി ഗണ്യമായി ലാഭിക്കാൻ കഴിയുന്നതും, താരതമ്യേന പരിപാലന ചെലവ് കുറവായതും സോളാർ വാട്ടർ ഹീറ്ററുകൾ സബ്സിഡി ഇല്ലാതെ തന്നെ പൊതുജനങ്ങൾ സ്വീകരിക്കുന്ന നിലയിലേക്ക് എത്തിക്കഴിഞ്ഞു.<br>2015-16 സാമ്പത്തിക വർഷം 9064m2 സോളാർ കളക്ടർ വിസ്തൃതിയുള്ള പ്രതിദിനം 6.04 ലക്ഷം ലിറ്റർ ചൂടുവെള്ളം ലഭ്യമാക്കാൻ കഴിയുന്ന സോളാർ വാട്ടർ ഹീറ്ററുകൾ സബ്സിഡിയോടെ സ്ഥാപിച്ചു നൽകി. 2016-17 ൽ 9353 $m^2$ സോളാർ കളക്ടർ വിസ്തൃതിയുള്ള 6.24 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകളാണ് സ്ഥാപിച്ചു നൽകിയത്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉപഭോഗത്തിൽ ഏകദേശം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ പദ്ധതി നടപ്പിലാക്കിയ ഇടങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | 2016-17 വർഷം സ്ഥാപിച്ച 6.24 ലക്ഷം ലിറ്റർ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ മാത്രം പ്രതിവർഷം 70 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുന്നതാണ്. ഇതു സംബന്ധമായി കൃത്യമായ ഒരു |

| | | | |
|---|---|---|---|
| | | | കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ നടപ്പ സാമ്പത്തിക വർഷം CMD (Centre for Management Development) മുഖേന സംസ്ഥാന ആസൂത്രണ ബോർഡ് അനെർട്ടിന്റെ പ്രതിഷ്ഠാപനങ്ങളെ സംബന്ധിച്ച് നടത്തുന്ന പഠനത്തിൽ ഇവയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സർക്കാർ അതിഥി മന്ദിരങ്ങളിലും സ്വകാര്യ പാർപ്പിട സമുച്ചയങ്ങളിലും ഹോട്ടലുകളിലും സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം സബ് സിഡിയോടെ സോളാർ വാട്ടർ ഹീറ്റർ പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ